# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 155** **13.07.2016 -ൽ മറുപടിക്ക്**

ക്യാൻസർ സെന്റർ നവീകരണം

**ചോദ്യം**

ശ്രീമതി . പി. അയിഷാ പോറ്റി
ശ്രീ. ജോർജ്.എം.തോമസ്.
ശ്രീ. സി.കെ.ശശീന്ദ്രൻ

**മറുപടി**

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ അർബുദരോഗ ബാധിതരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന് അനുസൃതമായി ചികിൽസാ സൗകര്യങ്ങൾ വിപുലീകരിക്കാൻ സാധ്യമായിട്ടുണ്ടോ ? | (എ) | ഉണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് സർക്കാർ മേഖലയിൽ ക്യാൻസർ ചികിത്സ ലഭ്യമാകുന്നത്. എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിലെങ്കിലും ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിനുള്ള പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. അർബുദ രോഗ വിദഗ്ദരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകി കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിൽസാ രീതികൾ ഈ സെന്ററുകളിലൂടെ സൗജന്യമായി നൽകി വരുന്നു. ആർ. സി. സി. യിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ ക്യാൻസർ ചികിത്സയും രോഗനിർണ്ണയ സൗകര്യങ്ങളും ലഭ്യമാണ്. |
| (ബി) | നിരന്തര ജനകീയ സമ്മർദ്ദത്തെ തുടർന്ന് കൊച്ചിയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച ക്യാൻസർ സെന്ററിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ ? | (ബി) | കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ ഒരു ക്യാൻസർ റിസർച്ച് ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കാൻ സർക്കാർ നയപരമായ തീരുമാനമെടുക്കുകയും അതിൻപ്രകാരം 03.02.2014 ലെ ജി.ഒ. (എം.എസ്.) 39/2014/ആ.കു.വ. ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | എറണാകുളം മെഡിക്കൽ കോളേജ് കാമ്പസ്സിൽ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. 04.09.2015-ലെ ജി.ഒ. (എം.എസ്.) 192/2015/ആ.കു.വ. ഉത്തരവനുസരിച്ചാണ് കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന് ഭരണാനുമതി നൽകിയത്. 3 ഘട്ടങ്ങളിലായാണ് ഈ സംരംഭം വിഭാവന ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടമായി ഒ.പി. വകുപ്പും രണ്ടാം ഘട്ടത്തിൽ 150 കിടക്കകളോട് കൂടിയ ആശുപത്രിയും മൂന്നാം ഘട്ടത്തിൽ വീണ്ടും 150 കിടക്കകളോട് കൂടിയ റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. പ്രാഥമിക ഘട്ടം എന്ന നിലയിൽ എറണാകുളം മെഡിക്കൽ കോളേജിന്റെ പേ വാർഡ് ബ്ലോക്കിനോട് ചേർന്ന് സെൻട്രൽ ബ്ലോക്ക് കെട്ടിടം ഒ.പി. വകുപ്പ് തുടങ്ങുന്നതിനായി കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന് വിട്ടു നൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പി.ഡബ്ല്യൂ.ഡി.യെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക സ്പെഷ്യൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അനുമതി നൽകി. അതനുസരിച്ച് തുക കൈമാറിയിട്ടുണ്ട്. 15.10.2015-ൽ എം.ഒ.എ. അംഗീകരിച്ചു. 2.7 കോടി രൂപ ഉപയോഗിച്ച് സെൻട്രൽ ബ്ലോക്ക് കെട്ടിടം നവീകരിക്കുന്നതിനും കൂടാതെ ആർ.സി.സി. നോംസ് അനുസരിച്ച് നഴ്സിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനും 30.11.2015-ൽ അനുമതി നൽകി ഉത്തരവായി. ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റും നിയമനം അന്യത്ര സേവനം മുഖേന നടത്തുന്നതിനുള്ള നടപടികളും സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. 21.06.2016-ന് സ്പെഷ്യൽ ഓഫീസറായ ശ്രീ. എം.ജി. രാജമാണിക്യം ഐ.എ.എസ്. സൈറ്റ് റിവ്യൂ നടത്തിയിട്ടുള്ളതും ഒ.പി വിഭാഗം 30 ദിവസത്തിനകം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനായി ബാക്കിയുള്ള ഇലക്ട്രിക്കൽ വർക്കുകൾ യുദ്ധ കാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നു എന്നു ഉറപ്പ് വരുത്തുവാനും പി.ഡബ്ല്യു. ഡി . അധികൃതരോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ആരോഗ്യവകുപ്പ് മന്ത്രി നേരിട്ട് സ്ഥലം സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൊച്ചി ക്യാൻസർ & റിസർച്ച് സെന്ററിന്റെ 02.05.2016-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം ടെറിഷ്യറി ക്യാൻസർ സെന്ററിനുവേണ്ടിയുള്ള ഡി.പി.ആർ. അടിയന്തിരമായി സർക്കാരിന് ലഭ്യമാക്കുവാൻ സ്പെഷ്യൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ആർ.സി.സി യുടെ വിപുലീകരണത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ മുൻ സർക്കാരിന്റെ ഭാഗത്തു നിന്ന് സമയ ബന്ധിതമായ നടപടിയുണ്ടായിട്ടുണ്ടോ ? ഇല്ലെങ്കിൽ ഈ സർക്കാർ ഇതിനായി നടപടി സ്വീകരിക്കുമോ ? | (സി) | ഉണ്ട് . വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർത്തിരിക്കുന്നു. |
| (ഡി) | മലബാർ മേഖലയിലെ ജനങ്ങളുടെ താല്പര്യം കണക്കിലെടുത്ത് മലബാർ ക്യാൻസർ സെന്റർ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) | മലബാർ കാൻസർ സെന്റർ ടെറിഷ്യറി ക്യാൻസർ കെയർ സെന്റർ ആയി ഉയർത്താൻ കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം : 1

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.സി.സിയ്ക്കായി സംസ്ഥാന-കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുകയും അവയുടെ വിനിയോഗവും ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി വിഹിതം (തുക ലക്ഷത്തിൽ) | വിനിയോഗം (തുക ലക്ഷത്തിൽ) | പദ്ധതിയേതര വിഹിതം (തുക ലക്ഷത്തിൽ) | വിനിയോഗം (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 2011-12 | 2500 | 2500 | 2500 | 2500 |
| 2012-13 | 3400 | 3400 | 2235 | 2235 |
| 2013-14 | 4217 | 4217 | 2664 | 2664 |
| 2014-15 | 2000 | 403 | 4165.40 | 3065.40 |
| 2015-16 | - | 266.75 | 5079.74 | 4529.74 |

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ 1100 ലക്ഷം രൂപയും, 550 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ ആർ.സി.സി ജീവനക്കാരുടെ പെൻഷൻ പദ്ധതിയ്ക്കായി ലഭിച്ചു. പ്രസ്തുത തുക പെൻഷൻ കോർപസ് ഫണ്ട് രൂപികരിക്കുന്നതിലേയ്ക്കായി ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചു.

2012-13 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും പെറ്റ്സ്ക്കാനർ വാങ്ങാനായി ലഭിച്ച 480 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചു.

(signature)

സെക്ഷൻ ഓഫീസർ